ഭരണഭാഷ മാതൃഭാഷ
# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
# KERALA STATE BIODIVERSITY BOARD
A statutory and autonomous body, Government of Kerala

L-14, Jai Nagar, Medical College (P.O), Thiruvananthapuram – 695 011
Tele fax: 0471-2448234 | Ph: 0471-2554740
E-mail: keralabiodiversity@gmail.com | Website: www.keralabiodiversity.org

പ്രസിദ്ധീകരണത്തിന്...............

നം 363/എ4/2018/കെ.എസ്.ബി.ബി. 31.05.2018

## സംസ്ഥാന ജൈവവൈവിധ്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2017- ലെ ജൈവവൈവിധ്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.

മികച്ച ജൈവവൈവിധ്യ പരിപാലന സമിതിക്കുള്ള പുരസ്കാരത്തിന് വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തും അടൂർ നഗരസഭാ ബി.എം.സി പ്രത്യേക ജൂറി പുരസ്കാരത്തിനും അർഹരായി.

മികച്ച പരിസ്ഥിതി സംരക്ഷകനുള്ള പുരസ്കാരത്തിന് പത്തനംതിട്ട ജില്ലയിലെ വി.എൻ. ഗോപിനാഥൻ പിള്ളയും, നാടൻ വിളയിനങ്ങളുടെ സംരക്ഷണത്തിന് കണ്ണൂർ ജില്ലയിലെ എൻ ഷിംജിത്ത്, പരമ്പരാഗത നാട്ടറിവുകളുടെ സംരക്ഷണത്തിന് എറണാകുളം ജില്ലയിലെ പോൾസൺ താം താന്നിക്കൽ, എന്നിവരേയും, മികച്ച ജൈവകർഷകനായി പാലക്കാട് ജില്ലയിലെ കെ.അരവിന്ദനെ തെരഞ്ഞെടുക്കപ്പെട്ടു.

കൊല്ലം ജില്ലയിലെ വയല എൻ.വി.യു.പി.എസ്. യുപി വിഭാഗത്തിലും, കോട്ടയം ജില്ലയിലെ കിടങ്ങൂർ സെന്റ് മേരീസ് എച്ച്.എസ്.എസ് ഹൈസ്കൂൾ/ഹയർസെക്കൻഡറി വിഭാഗത്തിലും, എറണാകുളം ജില്ലയിലെ തേവര സേക്രട്ട് ഹാർട്ട് കോളേജ്, കോളേജു വിഭാഗത്തിലും, ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അർഹരായി.

ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ മികച്ച സംഘടനയ്ക്കുള്ള പുരസ്കാരം തിരുവനന്തപുരം ജില്ലയിലെ സെന്റർ ഫോർ ഇന്നവേഷൻ ഇൻ സയൻസ് & സോഷ്യൽ ആക്ഷൻ (CISSA) -നെ തെരഞ്ഞെടുത്തു.

മികച്ച ജൈവവൈവിധ്യ ഗവേഷകനുള്ള പുരസ്കാരത്തിന് എറണാകുളം ജില്ലയിലെ എസ്.എൻ.എം കോളേജ്, മാലിയൻകര ബോട്ടണി ഡിപ്പാർട്ടുമെന്റിലെ റിട്ട. അസോസിയേറ്റ് പ്രൊഫസർ ഡോ. സി.എൻ. സുനിൽ അർഹനായി.

മികച്ച ദൃശ്യ മാധ്യമ പ്രവർത്തകനായി കൈരളി പീപ്പിൾ ടി.വി. സീനിയർ ന്യൂസ് എഡിറ്റർ കെ. രാജേന്ദ്രനേയും, മികച്ച ജൈവവൈവിധ്യ പത്രപ്രവർത്തകനായി കേരള കൗമുദി കണ്ണൂർ ജില്ല സ്പെഷ്യൽ കറസ്പോണ്ടന്റ് ഒ.സി. മോഹൻ രാജിനേയും തെരഞ്ഞെടുത്തു. മികച്ച ജൈവവൈവിധ്യ പരിപാലന സമിതിക്ക് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. മറ്റുവിഭാഗങ്ങൾക്ക് അമ്പതിനായിരം രൂപ, ഫലകം, പ്രശസ്തിപത്രം എന്നിവയാണ് സമ്മാനിക്കുക. ജൂൺ 5 ന് വള്ളക്കടവ് ജൈവവൈവിധ്യ മ്യൂസിയത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടക്കുന്ന ചടങ്ങിൽ ബഹു. മുഖ്യമന്ത്രി ജൈവവൈവിധ്യ പുരസ്കാരങ്ങൾ വിതരണം ചെയ്യുന്നതാണ്.

സജി. ബി
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ